ദൈവത്തിന്റെ ചുരുളുകൾ

DIVINE SCROLLS

A CHRISTIAN MAGAZINE FOR THE CHOSEN GENERATION



"ദൈവരാജ്യവും ഞാനും"

(തിരുവചന ചിന്തകൾ)

FEB
2025

CONTENTS

- **തിരുവചന ചിന്തകൾ :**
  "ദൈവരാജ്യവും ഞാനും " Page - 03

- **ജീവിതങ്ങളിലൂടെ വാക്കുകളിലൂടെ** Page - 17

ദൈവരാജ്യവും ഞാനും

(തിരുവചന ചിന്തകൾ)

യേശുവിന്റെ പ്രസംഗങ്ങളും ആ പ്രസംഗങ്ങളിലൂടെ പ്രസ്താവിച്ചതത്രയും ഉപദേശിച്ചവയും ദൈവരാജ്യം സംബന്ധിച്ചവയായിരുന്നു. യേശു സംസാരിച്ച കാര്യങ്ങളത്രയും ദൈവരാജ്യം എന്ന മർമ്മത്തിൽ നിന്നുളവയായിരുന്നു.തന്റെ മരണ പുനരുദ്ധാനത്തിനുശേഷം യേശു ഊന്നൽ കൊടുത്തുസംസാരിച്ച വിഷയവും ദൈവാരാജ്യമായിരുന്നു. ദൈവാരാജ്യമല്ലാതെ യേശുവിനു മറ്റനേകം കാര്യങ്ങളെക്കുറിച്ചു സംസാരിക്കുവാൻ കഴിയുമായിരുന്നു. അന്ന് നിലവിലുണ്ടായിരുന്ന രാഷ്ട്രീയപരമായ സാഹചര്യങ്ങളെക്കുറിച്ചും നീതി-അനീതി , ഭരണ വ്യവസ്ഥകളെക്കുറിച്ചും അങ്ങനെ സാമൂഹികമായ അനേകം വിഷയങ്ങളെക്കുറിച്ചും യേശുവിനു സംസാരിക്കുവാൻ കഴിയുമായിരുന്നു. എന്നാൽ, യേശു പറഞ്ഞതത്രയും ദൈവരാജ്യം സംബന്ധിച്ച കാര്യങ്ങളെക്കുറിച്ചായിരുന്നു. എന്താണ് ദൈവാരാജ്യത്തിനു ഇത്ര പ്രാധാന്യം കൊടുത്തു സംസാരിക്കുവാൻ കാരണം ? ദൈവരാജ്യം എന്നത് ഒരു പ്രത്യേക കാലഘട്ടത്തിലേക്കായി യേശു സംസാരിച്ചതാണോ ? എന്ത് പ്രസക്തിയാണ് നമ്മുടെ ജീവിതത്തിൽ നാം ഇന്ന് ദൈവാരാജ്യത്തിനായി കൊടുക്കുന്നത് ? ഇങ്ങനെ ചില വിഷയങ്ങളാണ് ഇന്ന് നാം ചിന്തിക്കുവാൻ പോവുന്നത്.

ലൂക്കോസ് എഴുതിയ അപ്പോസ്തോല പ്രവൃത്തികൾ എന്ന പുസ്തകം നാം വായിക്കുമ്പോൾ, അതിലെ ഒന്നാം അധ്യായം ആരംഭിക്കുമ്പോൾ ലൂക്കോസ് രേഖപ്പെടുത്തിയിരിക്കുന്നത് നോക്കുക. യേശുവിന്റെ പരസ്യശുശ്രൂഷ മുതൽ മരണത്തോളം യേശു നൽകിയ ഉപദേശവും വീര്യപ്രവൃത്തികളാൽ ഉറപ്പിച്ചതും ദൈവരാജ്യം എന്നതായിരുന്നു എന്ന് ഇവിടെ ലൂക്കോസ് ആവർത്തിച്ചു പറയുന്നു. മരണത്തിന്റെ മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റശേഷം നാല്പതുനാളോളം യേശുസംസാരിച്ചതും ദൈവരാജ്യം എന്ന മർമ്മമായിരുന്നു.

അപ്പോസ്തോല പ്രവൃത്തികൾ 1:1-3
1 തെയോഫിലൊസേ, ഞാൻ എഴുതിയ ഒന്നാമത്തെ ചരിത്രം യേശു
തിരഞ്ഞെടുത്ത അപ്പൊസ്തലന്മാർക്കു പരിശുദ്ധാത്മാവിനാൽ കല്പന
കൊടുത്തിട്ടു ആരോഹണം ചെയ്തനാൾവരെ അവൻ ചെയ്തും
ഉപദേശിച്ചും തുടങ്ങിയ സകലത്തെയും കുറിച്ചു ആയിരുന്നുവല്ലോ.
2 അവൻ കഷ്ടം അനുഭവിച്ചശേഷം നാല്പതു നാളോളം അവർക്കു
പ്രത്യക്ഷനായി ദൈവരാജ്യം സംബന്ധിച്ച കാര്യങ്ങൾ
3 പറഞ്ഞുകൊണ്ടു താൻ ജീവിച്ചിരിക്കുന്നു എന്നു അനേകം
ദൃഷ്ടാന്തങ്ങളാൽ അവർക്കു കാണിച്ചു കൊടുത്തു.

ഐഹീകമായ ഒരു രാജ്യമോ (ഭൗതികമായി കാണുന്ന ഒരു ലോക/ രാജ്യ വ്യവസ്ഥ) ആ രാജ്യത്തു നടപ്പാക്കുവാനിടയുള്ള വ്യവസ്ഥയോ അല്ല ഇവിടെ ദൈവരാജ്യം എന്നതുകൊണ്ട് ദൈവം ഉദ്ദേശിക്കുന്നത്. എന്നാൽ ദൈവം സകലത്തിന്മേലും പൂർണ്ണമായി വാഴുന്ന സ്വർഗ്ഗീയ അനുഭവത്തിന്റെ ഭൂമിയിലെ ജീവിതമാണ് യേശു പറഞ്ഞ ദൈവരാജ്യം എന്ന മർമ്മം. മനുഷ്യന്റേതായ ചിന്തകൾക്കും ആശയങ്ങൾക്കും വ്യവസ്ഥകൾക്കും തോന്നലുകൾക്കുമപ്പുറമായി ദൈവം മനുഷ്യനെ എന്തിനായി സൃഷ്ഠിച്ചുവോ ആ ദൈവീകപദ്ധതിയിലേക്കുള്ള ദൈവത്തിന്റെ നടത്തിപ്പുകളാണ് ദൈവരാജ്യത്തിൽ സംഭവിക്കുന്നത്.

ഈ പുതിയ തലമുറയിലെ ഒരു ആശയക്കുഴപ്പമാണ്, ദൈവം മനുഷ്യനെ നിയന്ത്രിക്കുവാൻ തുടങ്ങിയാൽ അത് മനുഷ്യന്റെ സ്വാതന്ത്ര്യത്തെയും തീരുമാനങ്ങളെയും ദോഷമായി ബാധിക്കുകയില്ലേ എന്നത്. ദൈവം മനുഷ്യനെ ദൈവത്തിന്റെ ഇഷ്ടത്തിൽ നടത്തിയാൽ മനുഷ്യന്റെ ഇഷ്ടം എന്നതുതന്നെ അർത്ഥശൂന്യമായിത്തീരുകയില്ലേ എന്നതാണ് ഇവർ വയ്ക്കുന്ന ചോദ്യം. എന്നാൽ നോക്കൂ ദൈവം നമ്മുടെ ഇഷ്ടങ്ങളെ ഹനിക്കുന്ന ദൈവമല്ല, നമ്മുടെ സ്വാതന്ത്ര്യത്തെയോ നന്മകളെയോ തകർക്കുന്നതുമില്ല. ദൈവ ഇഷ്ടം എന്നത് നമുക്കു മുൻപിൽ ദൈവം തുറന്നു തരുന്ന നന്മകളുടെ അഥവാ നല്ലതിന്റെ വലിയൊരു ശേഖരമാണ്. അപ്രകാരം, ദൈവം ഒരുക്കിയിരിക്കുന്നതും നാം അനുഭവിക്കണമെന്നും ആഗ്രഹിക്കുന്ന സകല നന്മകളിലേക്കും നമ്മുടെ ജീവിതത്തെയും ആഗ്രഹത്തെയും മനസ്സിനെയും തിരിക്കുക എന്ന ഉദ്യമമാണ് ദൈവം ചെയ്യുന്നത്. തിന്മകളുടെയോ പാപത്തിന്റെയോ ജീവിതം നമുക്കു സമ്മാനിക്കുവാൻ ദൈവം ആഗ്രഹിക്കുന്നില്ല.

മടുത്തുപോവാത്തവണ്ണം എല്ലാ സ്വർഗ്ഗീയ സന്തോഷങ്ങളും ദൈവം നമുക്കായി ഈ ദൈവരാജ്യത്തിൽ ഒരുക്കിയിരിക്കുന്നു. അവ സന്തോഷമായി നമ്മുടെ കണ്ണുകൾക്കുതോന്നണമെങ്കിൽ ദൈവത്തെ അറിയണം എന്ന് മാത്രം. ദൈവത്തെ അറിയുകയും യേശുക്രിസ്തുവിന്റെ കർത്തൃത്വത്തിൽ തന്റെ ജീവിതത്തെ വിട്ടുകൊടുക്കുകയും ചെയ്യുന്നവർഈ ഭൂമിയിൽ ജീവിക്കുമ്പോൾത്തന്നെ ദൈവരാജ്യത്തിൽ പ്രവേശിക്കുന്നവരായിരിക്കും.

ദൈവരാജ്യം ഏതെങ്കിലുമൊരു പ്രത്യേക ഭൂപ്രദേശമല്ല. നാം വസിക്കുന്ന ഈ ഭൂമിയിൽ നമുക്കിടയിലാണ് ദൈവരാജ്യം ഉള്ളത്. യേശുതന്നെ ദൈവരാജ്യത്തെക്കുറിച്ചു പറഞ്ഞിരിക്കുന്ന ഏതാനും വാക്യങ്ങൾ നോക്കുക.

ലൂക്കോസ് 17: 20-21
20 ദൈവരാജ്യം എപ്പോൾ വരുന്നു എന്നു പരീശന്മാർ ചോദിച്ചതിന്നു:
“ദൈവരാജ്യം കാണത്തക്കവണ്ണമല്ല വരുന്നതു;
21 ഇതാ ഇവിടെ എന്നും അതാ അവിടെ എന്നും പറകയും ഇല്ല; ദൈവരാജ്യം നിങ്ങളുടെ ഇടയിൽ തന്നേ ഉണ്ടല്ലോ ”എന്നു അവൻ ഉത്തരം പറഞ്ഞു.

അപ്പോസ്തോലനായ പൗലോസ് ദൈവത്തിൽനിന്നും ഗ്രഹിച്ചുകൊണ്ടു സംസാരിക്കുന്നതു നോക്കുക.

റോമർ 14:17-19
17 ദൈവരാജ്യം ഭക്ഷണവും പാനീയവുമല്ല, നീതിയും സമാധാനവും പരിശുദ്ധാത്മാവിൽ സന്തോഷവും അത്രേ.
18 അതിൽ ക്രിസ്തുവിനെ സേവിക്കുന്നവൻ ദൈവത്തെ പ്രസാദിപ്പിക്കുന്നവനും മനുഷ്യർക്കു കൊള്ളാകുന്നവനും തന്നേ.
19 ആകയാൽ നാം സമാധാനത്തിന്നും അന്യോന്യം ആത്മികവൎദ്ധനെക്കും ഉള്ളതിന്നു ശ്രമിച്ചുകൊൾക.

യഹൂദ സമൂഹം ആഗ്രഹിച്ചതും പ്രതീക്ഷിച്ചതും, പ്രത്യക്ഷമായ ഒരു രാജ്യത്തെയും അതിലെ വാഴ്ചയെയുംക്കുറിച്ചായിരുന്നു. അങ്ങനെ ആഗ്രഹിക്കുവാൻ അവർക്കു വ്യക്തമായ കാരണങ്ങളുണ്ട്. അതിൽ പ്രധാനമാണ്, അവർ അക്കാലഘട്ടത്തിൽ അഭിമുഖികരിച്ച, ഏറ്റവും പ്രതികൂലമായ റോമൻ ഭരണകൂടത്തിന്റെ വാഴ്ചയെന്നത്. പഴയനിയമത്തിൽ നാം കാണുന്ന മിസ്രയീം അടിമത്വത്തിനോട് ചില സമാനതകൾ ഇവിടെ കാണുവാൻ കഴിയും, എന്നാൽ അതിനോട് തുല്യമായിരുന്നില്ല റോമൻ ഭരണം. എന്നിരുന്നാലും ഭരണരീതികളിലെ അടിമസ്വഭാവം അക്കാലയളവിൽ യഹൂദർ അനുഭവിച്ചിരുന്നു. അതേപോലെ ഒരു വീണ്ടെടുപ്പുകാരൻ യഹൂദർക്കായിവരും എന്ന ചിന്ത അക്കാലത്തെ യഹൂദരെ സംബന്ധിച്ചിടത്തോളം ആവശ്യവുമായിരുന്നു. യേശുവിന്റെ (ജനത്തിനിടയിലേക്കുള്ള) വരവും തുടർന്നുള്ള ശുശ്രൂഷകളും പ്രസംഗങ്ങളും യഹൂദരുടെയിടയിൽ യേശു ഒരു രാജാവായി മാറും എന്ന ചിന്തയും യഹൂദരിൽ ഉണർത്തി. എന്നാൽ അത് നാം ഇന്ന് കാണുന്നപോലൊരു രാജ്യവ്യവസ്ഥ അല്ല എന്ന് യഹൂദരും റോമൻ ഭരണകൂടവും തിരിച്ചറിഞ്ഞിരുന്നില്ല.

യോഹന്നാൻ 18:36

36 എന്റെ രാജ്യം ഐഹികമല്ല; എന്നു എന്റെ രാജ്യം ഐഹികം ആയിരുന്നു എങ്കിൽ എന്നെ യഹൂദന്മാരുടെ കയ്യിൽ ഏല്പിക്കാതവണ്ണം എന്റെ ചേവകർ പോരാടുമായിരുന്നു. എന്നാൽ എന്റെ രാജ്യം ഐഹികമല്ല എന്നു ഉത്തരം പറഞ്ഞു

എന്നാൽ യേശു സംസാരിച്ചതത്രയും ബാഹ്യമായ കണ്ണുകളാൽ കാണുവാൻ കഴിയാത്ത 'ദൈവരാജ്യം എന്ന മർമ്മം ആയിരുന്നു'. ഇതൊരു philosophical ചിന്തയല്ല എന്നാൽ യാഥാർഥ്യമാണ്. ഈ യാഥാർഥ്യത്തെ ഉൾകൊള്ളുന്നവർ ആരാണ് ? ദൈവത്തെ സ്നേഹിക്കുന്നവരും യേശുവിനെ തങ്ങളുടെ ഹൃദയത്തിൽ നാഥനായും കർത്താവായും രക്ഷകനായും വീണ്ടെടുപ്പുകാരനായും സ്വീകരിക്കുന്നവരുമാണ് അവർ. അങ്ങനെയുള്ളവർക്കു മാത്രമേ നാൻ ജീവിക്കുന്ന ഈ physical world ന്റെ ഉള്ളിൽത്തന്നെ നിലനിൽക്കുന്ന ദൈവരാജ്യം ആത്മകണ്ണുകളാൽ കാണുവാനും അതിൽ മറ്റുള്ളവരെ കാണുവാനും അതിൽ ദൈവത്തിന്റെ കൃപയാലും പരിശുദ്ധാത്മാവിന്റെ സഹായത്താലും ജീവിക്കുവാനും കഴിയുകയുള്ളൂ.

യേശു പ്രസംഗിച്ച അതെ ദൈവരാജ്യവ്യവസ്ഥയിലാണ് പീലാത്തോസ് യേശുവിനെ ചോദ്യം ചെയ്യുമ്പോഴും യേശു നില്കുന്നതും സംസാരിക്കുന്നതും.

യോഹന്നാൻ 19:9-11
9 പിന്നെയും ആസ്ഥാനത്തിൽ ചെന്നു; നീ എവിടെ നിന്നു ആകുന്നു എന്നു
യേശുവിനോടു ചോദിച്ചു.
10 യേശു ഉത്തരം പറഞ്ഞില്ല. പീലാത്തൊസ് അവനോടു: നീ എന്നോടു
സംസാരിക്കുന്നില്ലയോ? എനിക്കു നിന്നെ ക്രൂശിപ്പാൻ അധികാരമുണ്ടെന്നും,
നിന്നെ വിട്ടയപ്പാൻ അധികാരമുണ്ടെന്നും നീ അറിയുന്നില്ലയോ എന്നു
ചോദിച്ചതിന്നു യേശു അവനോടു:
11 മേലിൽനിന്നു നിനക്കു കിട്ടീട്ടില്ല എങ്കിൽ എന്റെ മേൽ നിനക്കു
ഒരധികാരവും ഉണ്ടാകയില്ലായിരുന്നു; അതുകൊണ്ടു എന്നെ നിന്റെ പക്കൽ
ഏല്പിച്ചവന്നു അധികം പാപം ഉണ്ടു എന്നു ഉത്തരം പറഞ്ഞു.

മനുഷ്യന് ഒരുനാളും തന്നിൽത്തന്നെ പൂർണ്ണമായും സന്തോഷിക്കുവാനോ തൃപ്തനാകുവാനോ കഴിയുകയില്ല. പണമോ പ്രശസ്തിയോ ഉയർച്ചകളോ മാന്യതകളോ തുടർച്ചയായ വിജയങ്ങളോ അങ്ങനെ ഈ ഭൂമിയിൽ ശ്രേഷ്ഠമെന്നു നമ്മൾ കരുതുന്ന സകലവും മരണം എന്ന യാഥാർഥ്യത്തിന്റെ മുൻപിൽ അടിയറവുവച്ചേ മതിയാവൂ. ഇവിടെയാണ് യേശു പറഞ്ഞതിന്റെ പ്രസക്തി.

യോഹന്നാൻ 15:4-5
4 എന്നിൽ വസിപ്പിൻ; ഞാൻ നിങ്ങളിലും വസിക്കും; കൊമ്പിന്നു
മുന്തിരവള്ളിയിൽ വസിച്ചിട്ടല്ലാതെ സ്വയമായി കായ്പാൻ
കഴിയാത്തതുപോലെ എന്നിൽ വസിച്ചിട്ടല്ലാതെ നിങ്ങൾക്കു കഴികയില്ല.
5 ഞാൻ മുന്തിരിവള്ളിയും നിങ്ങൾ കൊമ്പുകളും ആകുന്നു; ഒരുത്തൻ
എന്നിലും ഞാൻ അവനിലും വസിക്കുന്നു എങ്കിൽ അവൻ വളരെ ഫലം
കായക്കും; എന്നെ പിരിഞ്ഞു നിങ്ങൾക്കു ഒന്നും ചെയ്വാൻ കഴികയില്ല.

ദൈവത്തിൽ വസിക്കുന്നവനു ഈ ഭൂമിയിലെ മരണം ഒരു തടസ്സമല്ല. ഭൂമിയിൽ ശരീരം ജീർണ്ണിച്ചാലും നമ്മുടെ ആത്മാവ് ദൈവത്തിങ്കലേക്കു മടങ്ങിച്ചെല്ലുന്നു. ഈ ഭൂമിയിൽ ദൈവത്തെ അറിഞ്ഞുകൊണ്ട് ദൈവരാജ്യ വെളിപ്പാടിൽ നാം ജീവിക്കുന്നുവെങ്കിൽ നാം ഭൂമിയിൽ ദൈവത്തിനായി നിത്യവും ഫലം കായ്ക്കുകയും ദൈവീകസന്തോഷത്തിൽ നിത്യം വസിക്കുകയും ചെയ്യും. ദൈവത്തെകൂടാതെ പണിതുയർത്തുന്ന സകലവും തകരുകയും ദൈവത്തിൽ പണിതെടുക്കുന്ന സകലവും ദൈവമഹത്വമാക്കി ദൈവം മാറ്റുകയും ചെയ്യുന്നു.

ദൈവത്തിനു കീഴ്പ്പെടുക എന്നത് ചിലർക്കെങ്കിലും അസ്വസ്ഥത ഉണ്ടാക്കുന്ന ഒരു കാര്യമാണ്. എന്തിനു ഞാൻ എന്റെ ഇഷ്ടങ്ങളെയും സ്വപ്നങ്ങളെയും മാറ്റിവച്ചുകൊണ്ടു ഇതുവരെ 'കാണാത്ത' ഒരു ദൈവത്തിന്റെ പേരിൽ ദൈവം ഉണ്ട് എന്ന് വിശ്വസിച്ചുകൊണ്ട് ജീവിതകാലം മുഴുവൻ നടക്കണം എന്നതാണ് ചിലരെങ്കിലും ചിന്തിക്കുന്നതും വിശ്വസിക്കുന്നതും. ദൈവ വിശ്വാസത്തെ ഏറ്റവും വിലകുറഞ്ഞ എന്തോ ഒരു അജ്ഞത മാത്രമായി കാണുന്നവർ നമുക്കു ചുറ്റിലുമുണ്ട്. എല്ലാ ദൈവവിശ്വാസങ്ങളും സങ്കല്പങ്ങളും ശരിയെന്നു നാം വിശ്വസിക്കേണ്ടതില്ല. എന്നാൽ സുബോധത്തിന്റെയും സാമാന്യബുദ്ധിയുടെയും തെളിവുകളുടെയും അടിസ്ഥാനത്തിൽ നാം സത്യദൈവത്തിങ്കലേക്കു വരുവാൻ മടിക്കേണ്ടതില്ല. ജനനംകൊണ്ടു ഏതെങ്കിലുമൊക്കെ മതസാഹചര്യങ്ങളിൽ നാം ആയേക്കാം, എന്നാൽ അതുകൊണ്ടു മാത്രം അതിൽതുടരണം എന്ന ബാധ്യത ആർക്കുംതന്നെയില്ല. നാം വിശ്വസം എന്ന് കരുതുന്നത് എത്രമാത്രം വിശ്വസനീയമാണെന്നു തെളിവുകളും നമ്മുടെതന്നെ ജീവിതവും തെളിയിച്ചുനൽകട്ടെ.

യേശുക്രിസ്തുവിനെക്കുറിച്ചു നാം ദൈവവചനത്തിൽ കൂടുതലായി വായിക്കുന്നതും സമകാലികരായ എഴുത്തുകാരും യേശുവുവിന്റെതന്നെ ശിഷ്യന്മാർ എഴുതിയതുമായ ആദ്യ നാലു സുവിശേഷങ്ങൾ നമ്മെ ജീവനുള്ള ദൈവത്തിങ്കലേക്കു നടത്തുന്നവയാണ്. ഈ നാലുപുസ്തകങ്ങളെയെയും അതിൽ പറഞ്ഞിരിക്കുന്ന എല്ലാ വസ്തുതകളെയും ഒരു ചരിത്രമായി (history)മാത്രം പോലും മനസ്സിലാക്കിയാലും ജീവനുള്ള ദൈവത്തിങ്കലേക്കു നമുക്ക് എത്തിച്ചേരുവാൻ കഴിയും. ഒരു സാങ്കൽപ്പിക കഥകളോ കെട്ടിച്ചമയ്ക്കലുകളോ ഇല്ലാതെ രചിക്കപ്പെട്ട ഈ പുസ്തകങ്ങളിലൂടെ ദൈവത്തെ നാം അറിയുമെന്ന് തീർച്ച.

ദൈവത്തിനു മനുഷ്യർ അടിമകളല്ല എന്ന ബോധ്യമാണ് യേശുവിങ്കലേക്കു അടുക്കുംതോറും നാം തിരിച്ചറിയുന്നത്. ദൈവത്തിനു നാം മക്കളാണ്. മക്കളായതിനാൽ ഒരു അപ്പനെന്ന നിലയിൽ ദൈവത്തിനെപ്പോഴും നമ്മുടെമേൽ സ്വാതന്ത്ര്യവും അധികാരവുമുണ്ട്. ദൈവവും മനുഷ്യനും ഈ വിധമൊരു ബന്ധത്തിൽ ജീവിക്കുമ്പോൾ അവിടെ സന്തോഷവും സന്തോഷത്തിന്റെ പൂർണ്ണതയുമുണ്ട്. ഇതെല്ലം അനുഭവവേദ്യമാകുന്ന ഭൂമിയിലെ ഇടമാണ് ദൈവരാജ്യം. ഇവിടെ മാനുഷിക വ്യവസ്ഥകളോ താല്പര്യങ്ങളോ ഇല്ല. എന്നാൽ ദൈവം ഇവിടെ തന്റെ സ്നേഹത്താൽ തന്റെ മക്കളെ നടത്തുന്നു. തന്റെ മക്കൾക്കു എന്ത് ആവശ്യമായുണ്ടോ അവ നല്കിക്കൊണ്ടും സത്യത്തിലും നീതിയിലും വിശുദ്ധിയിലും അവരെ കൈപിടിച്ചുകൊണ്ടു നിത്യവും ദൈവം നടത്തുന്നു. തെറ്റുകൾക്കായി ബാലശിക്ഷയും പിതാവാം ദൈവം നൽകുന്നു.

ആദ്യമേ സൂചിപ്പിച്ചതുപോലെ ദൈവരാജ്യം ഒരു സാങ്കൽപ്പിക ചിന്തയോ illusion ഉം അല്ല. ദൈവത്തിങ്കലേക്കുള്ള ആത്മീക അനുഭവങ്ങളിലെ യാഥാർഥ്യമാണ് ദൈവരാജ്യമെന്നത്. ഇതിന്റെ സ്ഥാപകനും നടത്തിപ്പുകാരനും ദൈവം മാത്രമാണ്.

ഈ അനുഭവത്തിൽ അനുദിനം ജീവിക്കുമ്പോൾ നമ്മുടെ ഭാരങ്ങൾ നാമല്ല ദൈവമാണ് വഹിക്കുന്നതെന്നുള്ള ബോധ്യം നമ്മിലുണ്ടാകുന്നു. ദൈവത്തിന്റെ നടത്തിപ്പുകളേയും വഴികളേയും നാം ഇവിടെ തിരിച്ചറിയുന്നു.

നമ്മുടെ ജീവിതത്തിന്റെ മാധുര്യം ഇവിടെ അനുഭവവേദ്യമാകുന്നു. ദൈവകൃപയും പരിശുദ്ധാത്മാവിലെ സകല സന്തോഷവും ഇവിടെ ലഭിക്കുന്നു.

ലൂക്കോസ് 10:25-28
25 അനന്തരം ഒരു ന്യായശാസ്ത്രി എഴുന്നേറ്റു: ഗുരോ, ഞാൻ നിത്യജീവന്നു
അവകാശി ആയിത്തീരുവാൻ എന്തു ചെയ്യേണം എന്നു അവനെ പരീക്ഷിച്ചു
ചോദിച്ചു.
26 അവൻ അവനോടു: “ന്യായപ്രമാണത്തിൽ എന്തു എഴുതിയിരിക്കുന്നു; നീ
എങ്ങനെ വായിക്കുന്നു” എന്നു ചോദിച്ചതിന്നു അവൻ:
27 നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണഹൃദയത്തോടും
പൂർണ്ണാത്മാവോടും പൂർണ്ണശക്തിയോടും പൂർണ്ണമനസ്സോടും കൂടെ
സ്നേഹിക്കേണം എന്നും കൂട്ടുകാരനെ നിന്നെപ്പോലെതന്നെ
സ്നേഹിക്കേണം എന്നും തന്നെ എന്നു ഉത്തരം പറഞ്ഞു.
28 അവൻ അവനോടു: “നീ പറഞ്ഞ ഉത്തരം ശരി; അങ്ങനെ ചെയ്ക;
എന്നാൽ നീ ജീവിക്കും” എന്നു പറഞ്ഞു.

മനുഷ്യന്റെ ഏറ്റവും വലിയ പരിമിതി എന്നത് തന്നെക്കാളുപരി മറ്റൊരാളെ തന്നെപോലെ സ്നേഹിക്കുവാൻ കഴിയുന്നില്ല എന്നതാണ്. എന്നാൽ ഈ പരിമിതി അവസാനിക്കുന്ന ഏക ഇടം ദൈവരാജ്യത്തിലാണ്.

കാരണം ദൈവരാജ്യത്തിൽ ദൈവം ആഗ്രഹിക്കുമ്പോൾ നാം ഓരോ കാര്യവും ചെയ്യുവാൻ ദൈവത്താൽ ശക്തിപ്രാപിക്കുകയും ദൈവത്തിനായി എപ്പോഴും കാത്തിരിക്കുകയും ചെയ്യുന്നു. സ്വന്ത ജഡത്തിലോ സ്വന്ത കഴിവുകളിലോ പ്രയത്നങ്ങളിലോ ആശ്രയിക്കാത്തവണ്ണം ദൈവത്തിങ്കലേക്കു നാം എല്ലായ്പ്പോഴും ആർത്തിയോടെ ഓടിയടുക്കുകയും ചെയ്യുന്നു.

നമ്മുടെ സ്വയത്തിന്റെ പരിമിതികളെ തിരിച്ചറിയുക മാത്രമല്ല നാം ഇവിടെ ചെയ്യുന്നത് പ്രത്യുത ദൈവത്തിന്റെ സർവ്വശക്തിയിലും ബലത്തിനും നാം ആശ്രയിക്കുകയും എല്ലായ്പ്പോഴും ദൈവത്തിൽ സന്തോഷിക്കുകയും ചെയ്യുന്നു.ദൈവത്തെ നാം എല്ലായ്പ്പോഴും മുൻപിൽ വയ്ക്കുന്നുവെങ്കിൽ നാം ദൈവത്താൽ അനുഗ്രഹീതരാവുകയും ദൈവത്തിന്റെ ഹിതത്തിനായി എല്ലായ്പ്പോഴും പ്രയോജനപ്പെടും ചെയ്യും.

മാനുഷികമായി നാം ചിന്തിച്ചും നമ്മുടെ കഴിവുകൊണ്ടും കെട്ടിപ്പൊക്കിയ നാമെന്ന സാമ്രാജ്യത്തിലാണ് നാം പലപ്പോഴും വാഴുന്നത്. ആ സാമ്രാജ്യത്തിൽ മറ്റൊരു വ്യക്തിക്കും സ്ഥാനം കൊടുക്കുവാൻ നാം തയ്യാറാവുകയില്ല. എന്നാൽ ആ സാമ്രാജ്യത്തിൽ വിളിക്കാതെതന്നെ വന്നുകയറുന്ന ഒരു അതിഥിയുണ്ട്. അതാണ് ഈ ലോകത്തിന്റെ പ്രഭുവായ സാത്താൻ. ഇത് സാത്താനെ കുറ്റക്കാരനാക്കികൊണ്ടു നടത്തുന്ന കേവലമൊരു ചിന്തയല്ല. അങ്ങനെ പറയുവാൻ ഒരു കാരണമുണ്ട്. ദൈവത്തെ അംഗീകരിക്കാതെ നാം നിർമ്മിച്ചുകൂട്ടുന്ന സകലത്തിലും വിളിക്കാതെ അതിഥിയായി സാത്താൻ കടന്നുവരികതന്നെചെയ്യും. കാരണം ലൗകീകവും ജഡമായമായ സകലത്തിലും മനുഷ്യന്റെ സകല ദ്രവ്യാഗ്രഹത്തിലും സാത്താൻ ഒരു നിശബ്ദ പങ്കാളിയായിരിക്കും. ഈ പങ്കാളിത്വത്തെ തകർക്കുന്ന ദൈവപ്രവൃത്തിയെക്കുറിച്ചു യേശു പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക.

ലൂക്കോസ് 11:24-26
24 അശുദ്ധാത്മാവു ഒരു മനുഷ്യനെ വിട്ടുപോയിട്ടു നീരില്ലാത്ത
പ്രദേശങ്ങളിൽ തണുപ്പു തിരഞ്ഞുനടക്കുന്നു. കാണാഞ്ഞിട്ടു: ഞാൻ
വിട്ടുപോന്ന വീട്ടിലേക്കു മടങ്ങിച്ചെല്ലും എന്നു പറഞ്ഞു ചെന്നു,
25 അതു അടിച്ചുവാരിയും അലങ്കരിച്ചും കാണുന്നു.
26 അപ്പോൾ അവൻ പോയി തന്നിലും ദുഷ്ടത ഏറിയ ഏഴു ആത്മാക്കളെ
കൂട്ടിക്കൊണ്ടു വരുന്നു; അവയും അതിൽ കടന്നു പാർത്തിട്ടു ആ മനുഷ്യന്റെ
പിന്നത്തെ സ്ഥിതി മുമ്പിലത്തേതിനേക്കാൾ വല്ലാതെയായി ഭവിക്കും.

ദൈവരാജ്യത്തിൽ കടന്ന ഒരു മനുഷ്യൻ എപ്രകാരം ആയിരിക്കും ജീവിക്കുന്നത് ? ദൈവത്തോടുള്ള ഒരു വ്യക്തിയുടെ സമർപ്പണം എപ്രകാരം ദൈവത്തെയും മറ്റു മനുഷ്യരെയും സ്വാധീനിക്കും ?
ഇതിന്റെ ഉത്തരം ലൂക്കോസിന്റെ സുവിശേഷത്തിൽത്തന്നെ നാം വായിക്കുന്നു.

ലൂക്കോസ് 10:30-37
30 ഒരു മനുഷ്യൻ യെരൂശലേമിൽ നിന്നു യെരീഹോവിലേക്കു പോകുമ്പോൾ
കള്ളന്മാരുടെ കയ്യിൽ അകപ്പെട്ടു; അവർ അവനെ വസ്ത്രം അഴിച്ചു
മുറിവേല്പിച്ചു അർദ്ധപ്രാണനായി വിട്ടേച്ചു പോയി.
31 ആ വഴിയായി യദൃച്ഛയാ ഒരു പുരോഹിതൻ വന്നു അവനെ കണ്ടിട്ടു മാറി
കടന്നു പോയി.

32 അങ്ങനെ തന്നേ ഒരു ലേവ്യനും ആ സ്ഥലത്തിൽ എത്തി അവനെ
കണ്ടിട്ടു മാറി കടന്നുപോയി.
33 ഒരു ശമര്യക്കാരനോ വഴിപോകയിൽ അവന്റെ അടുക്കൽ എത്തി
അവനെ കണ്ടിട്ടു മനസ്സലിഞ്ഞു അരികെ ചെന്നു
34 എണ്ണയും വീഞ്ഞും പകർന്നു അവന്റെ മുറിവുകളെ കെട്ടി അവനെ തന്റെ
വാഹനത്തിൽ കയറ്റി വഴിയമ്പലത്തിലേക്കു കൊണ്ടുപോയി രക്ഷചെയ്തു.
35 പിറ്റെന്നാൾ അവൻ പുറപ്പെടുമ്പോൾ രണ്ടു വെള്ളിക്കാശ് എടുത്തു
വഴിയമ്പലക്കാരന്നു കൊടുത്തു: ഇവനെ രക്ഷ ചെയ്യേണം; അധികം വല്ലതും
ചെലവിട്ടാൽ ഞാൻ മടങ്ങിവരുമ്പോൾ തന്നു കൊള്ളാം എന്നു അവനോടു
പറഞ്ഞു.
36 കള്ളന്മാരുടെ കയ്യിൽ അകപ്പെട്ടവന്നു ഈ മൂവരിൽ ഏവൻ
കൂട്ടുകാരനായിത്തീർന്നു എന്നു നിനക്കു തോന്നുന്നു?
37 അവനോടു കരുണ കാണിച്ചവൻ എന്നു അവൻ പറഞ്ഞു. യേശു
അവനോടു "നീയും പോയി അങ്ങനെ തന്നേ ചെയ്ക" എന്നു പറഞ്ഞു.

വഴിയരികിൽ കള്ളന്മാരാൽ അപഹരിക്കപ്പെട്ടും മുറിവേറ്റുംകിടന്നവനെ കാണുന്ന മൂന്നുപേരെക്കുറിച്ചു ഇവിടെ യേശു പറഞ്ഞിരിക്കുന്നു. ഒരുവൻ പുരോഹിതൻ, രണ്ടാമത്തെയാൾ ലേവ്യൻ, മൂന്നമാണോ വീണുകിടക്കുന്നവനോട് കരുണകാണിക്കുവാൻ ജാതി/സാമൂഹിക വ്യവസ്ഥപ്രകാരം സാധ്യതയില്ലാത്തവൻ. എന്നാൽ മുറിവേറ്റവനോട് മനസ്സലിയുകയും അവനായി സകല ശുശ്രൂഷയും ഉപകാരവും നന്മയും ചെയ്യുവാൻ തന്റെ സമയത്തെയും പണത്തെയും ആ സമരിയക്കാരൻ നൽകി. അങ്ങനെ മൂന്നാമൻ ദൈവത്തിന്റെ കണ്ണിൽ ഒന്നാമനായി വിളങ്ങി. ഇതൊരു കഥാരൂപമായി കേൾക്കുവാൻ ഇമ്പമുണ്ടെങ്കിലും PRACTICALLY ചിന്തിച്ചുനോക്കുക. നാം നമ്മുടെ ജോലിസ്ഥലത്തേക്ക് അതിവേഗം ഓടിക്കൊണ്ടിരിക്കുമ്പോഴാണ് ഈ സംഭാവം ഉണ്ടായതെന്നിരിക്കട്ടെ. നമ്മിൽ എത്രപേർ സമരിയക്കാരൻ ചെയ്തതുപോലെയുള്ള ഒരു പൂർണ്ണതയേറിയ ശുശ്രൂഷ ആ വീണുകിടന്നവനോട് ചെയ്യും? നമുക്കു നാമും നമ്മുടെ മുൻഗണനകളുമാണ് എല്ലായ്പ്പോഴും വലിയത്. ആ മതിലിന്നപ്പുറം എന്തുസംഭവിക്കുന്നുവെന്നു കാണുവാൻ നമുക്ക് മനസ്സുണ്ടാവുകയില്ല. ഇത്തരമൊരു മനസ്സിന് മറുപടിയും മരുന്നുമാണ് ദൈവാരാജ്യമെന്ന സത്യം. അത് ദൈവം നമ്മിൽ ദാനമായി നൽകിയേ മതിയാവൂ. ദൈവരാജ്യത്തിന്റെ കണ്ണുകളിലൂടെ വീണുകിടക്കുന്നവനെ കാണുന്ന മൂന്നാമന്മാരായി നാം മാറുക.

ദൈവീക ഉത്തരവാദിത്വത്തിന്റെ കൂടാരമായിരുന്നു ആദ്യം കടന്നുപോയ ആ രണ്ടുപേർ. പുരോഹിതനും ലേവ്യനും. അവർക്കു നിയമപ്രകാരം ചെയ്യുവാൻ കഴിയാത്തതു ദൈവകൃപയാൽ ചെയ്യുവാൻ ദൈവം നമ്മിൽ കൃപ ധാരാളമായി നൽകുന്നു. ഒന്നിനും കുറവില്ലാതെയുള്ള ഈ ആത്മീയ ജീവിതം ദൈവരാജ്യത്തിൽ വിലയേറിയതുതന്നേ. ഉത്തരവാദിത്വങ്ങളെക്കാളപ്പുറമായി ദൈവീക നിയോഗങ്ങളാൽ സമൃദ്ധമാണ് ദൈവരാജ്യവെളിപ്പാടിലുള്ള ആത്മീയ ജീവിതം. അവിടെ തർക്കങ്ങളില്ല. സകലവും പരിശുദ്ധാത്മാവിൽ നിയന്ത്രിതമായി നടക്കേണ്ടുന്നവയാകയാൽ ദൈവീക നിയന്ത്രണം പൂർണ്ണതയോടെ ഇവിടെ കാണുവാൻ കഴിയുന്നു.

മുറിവേറ്റുവീണുകിടക്കുന്നവന്റെ ഉയർത്തെഴുന്നേൽക്കലാണ് ദൈവരാജ്യത്തിൽ അന്യോന്യം സംഭവിക്കുന്നത്. പാപത്താൽ വീണുപോയ മാനവരാശിയുടെ എഴുന്നേൽക്കലിനായി യേശുക്രിസ്തുവെന്ന ദൈവപുത്രൻ പാപത്തെയും മരണത്തേയും പാതാളത്തേയും ജയിച്ചുകൊണ്ടു തന്റെ പിതാവിന്റെ സിംഹാസനമായ സ്വർഗ്ഗാധിസ്വർഗ്ഗത്തിലേക്കു കയറിപ്പോയി. വെറുതെ കയറിപ്പോവുകയല്ല, തന്റെ ആ പ്രവേശനം വീണുകിടന്ന സകല ജനത്തിന്റെയും രക്ഷക്കായുള്ള പുതുവഴിയായിരുന്നു.ഈ പുതുവഴിയുടെ ഈ ഭൂമിയിലെ അനുഭവമാണ് ദൈവരാജ്യത്തിൽ നാം കാണുന്നത്.

നമുക്ക് ചുറ്റും വീഴുപോവുന്ന സകലരെയും താങ്ങുവാൻ കർത്താവു നമ്മോടു കൂടെയുണ്ട്. എന്നാൽ വീഴുന്നവനെ കാണുന്ന കണ്ണും അവനോടു മനസ്സലിയുന്ന പിതൃഹൃദയവും പ്രവർത്തനസജ്ജമായ ഒരു ആത്മീയ ജീവിതവും നമുക്കു ആവശ്യമാണ്. ഇത് ദൈവത്തിങ്കൽനിന്നു മാത്രമേ നമുക്കു പ്രാപിക്കുവാൻ കഴിയുകയുള്ളൂ. ഇതാണ് സമരിയാക്കരൻറെ ജീവിതത്തിൽ നാം കാണുന്നത്. പിതാവാം ദൈവത്തിന്റെ മനസ്സലിവിന്റെ അവയവങ്ങളാണ് ഭൂമിയിൽ ജീവിക്കുന്ന നാം ഓരോരുത്തരും. ഇപ്രകാരം ദൈവത്തോടുള്ള ബന്ധത്താൽ ദൈവസ്നേഹത്താൽ നിറയപ്പെട്ടുകൊണ്ടു മനുഷ്യരെ സ്നേഹിച്ചു ദൈവത്തോട് ചേർത്തുപിടിക്കുന്ന ആത്മീയ ജീവിതം സാധ്യമായിത്തീരുന്ന ഇടമാണ് ദൈവരാജ്യം. മാനുഷിക ശക്തികളാലോ ബുദ്ധിയുടെ പെരുപ്പത്താലോ കഴിയാത്തത് ദൈവകൃപയാൽ ഇവിടെ സാധ്യമായിത്തീരുന്നു. നാം കാണുന്ന സകലരിലും

ജീവനുള്ള ഒരു ആത്മാവുണ്ടെന്നും ആ ആത്മാവിനു രക്ഷ ആവശ്യമുണ്ടെന്നുമുള്ള ബോധ്യം ദൈവരാജ്യത്തിൽ നമ്മെ എല്ലായ്പ്പോഴും ചിന്തിപ്പിച്ചുകൊണ്ടിരിക്കും. ആഴത്തിൽ വലയിറക്കുവാൻ പത്രോസിനെ പ്രേരിപ്പിച്ചതും ലഭിച്ച പെരുത്ത മീൻകുട്ടത്തെ വിട്ടുകളഞ്ഞുകൊണ്ടു യേശുവിനെമാത്രം അനുഗമിക്കുവാൻ ഇറങ്ങിപ്പുറപ്പെട്ടതും താൻ പോലുമറിയാതെ ഈ ഒരു ദൈവരാജ്യവെളിപ്പാടിലേക്കു പത്രോസ് കയറിയതിനാലാണ്.

ദൈവരാജ്യത്തിൽനിന്നുകൊണ്ട് സകലരേയും നോക്കുമ്പോൾ ക്രിസ്തുവേശുവിന്റെ ഭാവം നമ്മിൽ നിറയും. വിധിക്കാതെ സ്നേഹിക്കുവാനും ദൈവീക നിയോഗങ്ങളാൽ മറ്റുള്ളവരിലേക്ക് ക്രിസ്തുവിന്റെ സ്നേഹത്തിൽ ഇറങ്ങിച്ചെല്ലുവാനും അവരെ ക്രിസ്തുവെളിപ്പാടിൽ ശുശ്രൂഷിക്കുവാനും ക്ഷമിക്കുവാനും ഇവിടെ നമുക്ക് കഴിയും. ഈ രാജ്യം ദൈവീക സാന്നിധ്യത്താൽ സമ്പന്നമാകയാൽ ദൈവത്തെയല്ലാതെ മറ്റൊന്നിനെയും നാം ദൈവത്തേക്കാളുപരി സ്നേഹിക്കുകയില്ല. നാം കേട്ട വചനത്തിന്റെ സകല ശക്തിയും ഓരോ പ്രാർത്ഥനയിലും നമുക്കിവിടെ അനുഭവവേദ്യമാകുമെന്നു തീർച്ച. ഈ അനുഭവത്തെ വൃഥാവാക്കിക്കളയാതിരിക്കുവാൻ യേശു പറഞ്ഞ ആ വാക്യത്തിലേക്കു നമുക്ക് ഒന്ന് കൂടി യാത്ര ചെയ്യാം.

ലൂക്കോസ് 17: 20-21
20 ദൈവരാജ്യം എപ്പോൾ വരുന്നു എന്നു പരീശന്മാർ ചോദിച്ചതിന്നു:
“ദൈവരാജ്യം കാണത്തക്കവണ്ണമല്ല വരുന്നതു;
21 ഇതാ ഇവിടെ എന്നും അതാ അവിടെ എന്നും പറകയും ഇല്ല; ദൈവരാജ്യം നിങ്ങളുടെ ഇടയിൽ തന്നേ ഉണ്ടല്ലോ ”എന്നു അവൻ ഉത്തരം പറഞ്ഞു.

നമുക്കിടയിൽ ഇന്ന് ആ ദൈവരാജ്യം കാണുവാനും അനുഭവിക്കുവാനുമായി പ്രാർത്ഥിക്കാം. പൗലോസ് തന്റെ ലേഖനത്തിൽ ദൈവാത്മാവിനാൽ എഴുതിയിരിക്കുന്നതുപോലെ ദൈവരാജ്യത്തിൽ ഉത്തരവാദിത്വങ്ങൾ നാം മറക്കാതെയിരിക്കട്ടെ.

1 തെസ്സലൊനീക്യർ 5:14-28
14 സഹോദരന്മാരേ, ഞങ്ങൾ നിങ്ങളെ പ്രബോധിപ്പിക്കുന്നതു: ക്രമം
കെട്ടവരെ ബുദ്ധിയുപദേശിപ്പിൻ: ഉൾക്കരുത്തില്ലാത്തവരെ
ധൈര്യപ്പെടുത്തുവിൻ; ബലഹീനരെ താങ്ങുവിൻ; എല്ലാവരോടും ദീർഘക്ഷമ
കാണിപ്പിൻ.
15 ആരും തിന്മക്കു പകരം തിന്മ ചെയ്യാതിരിപ്പാൻ നോക്കുവിൻ; തമ്മിലും
എല്ലാവരോടും എപ്പോഴും നന്മ ചെയ്തുകൊണ്ടിരിപ്പിൻ;
16 എപ്പോഴും സന്തോഷിപ്പിൻ;
17 ഇടവിടാതെ പ്രാർത്ഥിപ്പിൻ
18 എല്ലാറ്റിന്നും സ്തോത്രം ചെയ്വിൻ; ഇതല്ലോ നിങ്ങളെക്കുറിച്ചു
ക്രിസ്തുയേശുവിൽ ദൈവേഷ്ടം.
19 ആത്മാവിനെ കെടുക്കരുതു.
20 പ്രവചനം തുച്ഛീകരിക്കരുതു.
21 സകലവും ശോധന ചെയ്തു നല്ലതു മുറുകെ പിടിപ്പിൻ.
22 സകലവിധദോഷവും വിട്ടകലുവിൻ.
23 സമാധാനത്തിന്റെ ദൈവം തന്നേ നിങ്ങളെ മുഴുവനും
ശുദ്ധീകരിക്കുമാറാകട്ടെ; നിങ്ങളുടെ ആത്മാവും പ്രാണനും ദേഹവും
അശേഷം നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ
അനിന്ദ്യമായി വെളിപ്പെടുംവണ്ണം കാക്കപ്പെടുമാറാകട്ടെ.
24 നിങ്ങളെ വിളിക്കുന്നവൻ വിശ്വസ്തൻ ആകുന്നു; അവൻ അതു
നിവർത്തിക്കും.
25 സഹോദരന്മാരേ, ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിപ്പിൻ.
26 സകല സഹോദരന്മാരെയും വിശുദ്ധചുംബനത്താൽ വന്ദനം ചെയ്വിൻ.
27 കർത്താവാണ, സഹോദരന്മാരെ ഒക്കെയും ഈ ലേഖനം വായിച്ചു
കേൾപ്പിക്കേണം.
28 നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപ നിങ്ങളോടുകൂടെ
ഇരിക്കുമാറാകട്ടെ.

നമുക്കു പ്രാർത്ഥിക്കാം. നല്ല പിതാവേ, അങ്ങയുടെ സ്നേഹത്തിനായി ഞങ്ങൾ സ്തോത്രം ചെയ്യുന്നു. മറ്റാരേക്കാളും ഞങ്ങളെ വാസ്തവമാണ് ഉള്ളതുപോലെയും അങ്ങ് അറിയുന്നു. ഞങ്ങൾ സകലത്തിലും പരാജിതരായിരുന്നിട്ടും അങ്ങ് ഞങ്ങളെ ചേർത്തുപിടിച്ചുവല്ലോ. വീണ്ടും ഞങ്ങൾ അങ്ങയോടു അപേക്ഷിക്കുന്നു, അങ്ങയുടെ രാജ്യത്തിൽ അങ്ങയുടെ ഇഷ്ടപ്രകാരം മുൻപോട്ടു ജീവിക്കുവാനും അങ്ങയെ സകലത്തിലും അനുഭവിക്കുവാനും ഞങ്ങളെ പരിശുദ്ധാത്മാവിൽ സഹായിക്കേണമേ. ഞങ്ങളെ ധൈര്യപ്പെടുത്തേണമേ. കൃപയെ ചോദിക്കുന്നു. എല്ലാ ധനങ്ങൾക്കായും നന്ദി പറയുന്നു. യേശുക്രിസ്തുവിന്റെ നാമത്തിൽ ഞങ്ങൾ ചോദിക്കുന്നു. കൃപയുടെ കേട്ട് ഉത്തരമരുളേണമേ നല്ല പിതാവേ. ആമേൻ.

ഈ ചിന്തകളാൽ ദൈവം നമ്മെ സഹായിക്കുമാറാകട്ടെ.
God bless you all.

-ജിബി തോമസ്

ജീവിതങ്ങളിലൂടെ വാക്കുകളിലൂടെ

ആചാരത്താൽ വിളിച്ചുപറയുന്ന സ്തോത്രവും ആത്മാവിനാൽ ഉരുവാകുന്ന സ്തോത്രവും വ്യത്യസ്തങ്ങളാണ്. ആദ്യത്തേത് മനുഷ്യന്റെ കാതിലും രണ്ടാമത്തേത് ദൈവമഹത്വത്തിലും പതിക്കുന്നു.

എഫെസ്യർ 6:18
18 സകലപ്രാർത്ഥനയാലും യാചനയാലും ഏതു നേരത്തും ആത്മാവിൽ പ്രാർത്ഥിച്ചും അതിന്നായി ജാഗരിച്ചും കൊണ്ടു സകലവിശുദ്ധന്മാർക്കും എനിക്കും വേണ്ടി പ്രാർത്ഥനയിൽ പൂർണ്ണസ്ഥിരത കാണിപ്പിൻ.

- Divine Hope Missionaries (Bristol, UK)

Listen to our Malayalam Audio Bible

://www.youtube.com/@jibymonkombil

മലയാളം ഓഡിയോ ബൈബിളിനായി മുകളിലുള്ള ലിങ്ക് തുറക്കുക, അല്ലെങ്കിൽ QR code സ്കാൻ ചെയ്യുക

Any Feedback / Queries :

Jiby Thomas +447823850578
jibymonkombil@gmail.com

DIVINE HOPE MISSIONARIES
BRISTOL